# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*121** **06.03.2020 - ൽ മറുപടിയ്ക്ക്**

## നാളികേര കർഷകർക്ക് അധികവരുമാനം ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) നാളികേര ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കുന്നുണ്ടോ; ഇതിനായി തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നുണ്ടോ; വിശദമാക്കുമോ;

എ) നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം കർഷകർക്ക് ഉറപ്പാക്കുന്നതിനും തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കൃഷി വകുപ്പ് കേരഗ്രാമം പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം 55 കേരഗ്രാമങ്ങൾ ആണ് സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നടപ്പാക്കുന്നത്. തേങ്ങയുടെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങു കൃഷിയുള്ള പ്രദേശത്ത് കേരഗ്രാമപദ്ധതി നടപ്പാക്കി വരുന്നു.

ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കരിക്കിനും, കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, 0.2 ഹെക്ടർ വീതമുള്ള മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും, തെങ്ങുകൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനും ബ്ലോക്കുതല ക്യാമ്പയിനുകൾ സംഘടിപ്പിച്ച് നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെയും

ഗുണങ്ങൾ പ്രചരിപ്പിച്ച് ഇവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തെങ്ങുകൃഷിയുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി ഗവേഷണ പദ്ധതികളിലൂടെ പരിഹാരം കാണാൻ കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ നടപ്പുവർഷം വിനിയോഗിച്ചു വരുന്നു.

തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിലേക്കായി 250 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പാക്കി വരുന്നു.

കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള 10 വർഷ കാലയളവിൽ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസനകൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

ഇതിനായി ഈ സാമ്പത്തിക വർഷം 1900 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതിയ തൈകൾ നട്ടും നിലവിലുള്ളവ പരിപാലിച്ചും നാളികേര ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, കാർഷിക വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ 50% ധനസഹായത്തോടെ ഓരോ വർഷവും നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019-20 വർഷം കേരഗ്രാമമായി തെരഞ്ഞെടുത്ത 300 പഞ്ചായത്തുകളിലും കേരഗ്രാമങ്ങൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളിലും ഉൾപ്പെടെ 500 പഞ്ചായത്തുകളിൽ തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രായം ചെന്നതും ഉല്പാദന ക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ / കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് കൗൺസിൽ വിഭാവനം ചെയ്തിട്ടുള്ള പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

നടപ്പ വർഷം 197751 നെടിയയിനം, 32493 കുറിയയിനം, 95781 സങ്കരയിനം തൈകൾ ഉൾപ്പെടെ ആകെ 3,26,025 തെങ്ങിൻതൈകൾ കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി.

ബി) ഇടനിലക്കാരെ ഒഴിവാക്കി നാളികേരത്തിന്റെ വില കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ബി) ഇടനിലക്കാരെ ഒഴിവാക്കി നാളികേരത്തിന്റെ വില കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് സ്വാതന്ത്ര്യവും സുതാര്യവുമായ സംവിധാനത്തിലൂടെ പച്ചത്തേങ്ങ സംഭരണ പദ്ധതി സർക്കാർ പുനരാരംഭിച്ചിട്ടുണ്ട്. കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, നാളികേര വികസന ബോർഡിനു കീഴിലുള്ള നാളികേര ഉല്പാദക സൊസൈറ്റികൾ/ ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള മറ്റു സൊസൈറ്റികൾ എന്നിവ മുഖേന കർഷകരിൽ നിന്നും നേരിട്ട് ഗുണനിലവാരമുള്ള പച്ച നാളികേരം സംഭരിച്ച്, കൊപ്രയാക്കി കേരഫെഡിനു നൽകുന്ന രീതിയിലാണ് സംഭരണം നടത്തുന്നത്. തൊണ്ടുകളഞ്ഞ പച്ചതേങ്ങയ്ക്ക് കിലോയ്ക്ക് 27/- രൂപയാണ് നൽകുന്നത്. പച്ചത്തേങ്ങ സംഭരണത്തിനുള്ള സ്റ്റേറ്റ് ലെവൽ ഏജൻസിയായി കേരഫെഡിനേയും, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ സംഭരണത്തിന് നാളികേര വികസന കോർപ്പറേഷനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പ്രകാരം കേരഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിനായി നാഫെഡിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

സി) മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ നാളികേരത്തിന് ഉയർന്ന വില ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

ഡി) നാളികേര ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ ലഭിക്കുന്ന അധികവരുമാനം കർഷകർക്ക് കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

സി) & ഡി) മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ നാളികേരത്തിന് ഉയർന്ന വില ലഭ്യമാക്കുന്നതിനും, നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് സാദ്ധ്യത വിപുലപ്പെടുത്തുന്നതിനും, സംസ്ഥാനത്ത് നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വേങ്ങേരി മൊത്തവ്യാപാര വിപണിയിലും, കുത്താളി ജില്ലാകൃഷിത്തോട്ടത്തിലും, നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ടി അഗ്രോപാർക്കുകൾ പ്രവർത്തനസജ്ജമാകുന്നതോടെ നാളികേരത്തിന്റെ മൂല്യവർദ്ധനത്തിലൂടെ കൂടുതൽ വരുമാനം ഉറപ്പാക്കാൻ കർഷകന് സാധിക്കും.

സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം വഴി തേങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സൂക്ഷ്മതല, ചെറുകിട,

ഇടത്തരം സംരംഭകർക്ക് സഹായം നൽകിവരുന്നു. വ്യക്തിഗത സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, സർക്കാരിതര ഏജൻസികൾ, ഉത്പാദക സംഘങ്ങൾ എന്നിവയ്ക്ക് വായ്പാധിഷ്ഠിത ആനുകൂല്യം SFAC നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**